# 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

കടബാദ്ധ്യതമൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി, ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനുള്ള അധികാരം ഉള്ളതും മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും, അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശുപാർശ നൽകുന്നതിനും വേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികവുമായ സംഗതികൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2001-ലെ കാർഷിക കടക്കാർ (താൽക്കാലിക ആശ്വാസ) ആക്റ്റ് (2001-ലെ 19)-നാൽ നൽകപ്പെട്ട ആനുകൂല്യങ്ങൾ പ്രസ്തുത ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയായ, 2001 ഡിസംബർ 29-ന് മുമ്പുള്ള കർഷകരുടെ കടബാദ്ധ്യതകൾക്ക് മാത്രമേ ലഭ്യമാകുകയുള്ളൂ എന്നതിനാലും ;

പ്രസ്തുത തീയതിക്കുശേഷവും സംസ്ഥാനത്തെ കർഷക കടബാദ്ധ്യത വിവിധ കാരണങ്ങളാൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനാലും ;

സംസ്ഥാനത്തിലെ ചില ജില്ലകൾ കാർഷിക പ്രതിസന്ധിമൂലം കൊടിയ ദുരിതത്തിലാഴ്ത്തപ്പെടുകയും ആയത് നിരവധി കർഷകരെ സാമ്പത്തികമായി തകർക്കുകയും ചില സംഗതികളിൽ അവരെ ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്തിട്ടുള്ളതിനാലും ;

കർഷകർക്ക് ഉണ്ടായ കടം ഈടാക്കുന്നതിനുവേണ്ടി ധാരാളം വ്യവഹാരങ്ങളും മറ്റ് നടപടിക്രമങ്ങളും കോടതികളിലും ട്രൈബ്യൂണലുകളിലും മറ്റ് അധികാരസ്ഥാനങ്ങളിലും ഫയൽ ചെയ്തിട്ടുള്ളതിനാലും ;

കടബാദ്ധ്യതമൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി, ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനുള്ള അധികാരം ഉള്ളതും മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും, അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശുപാർശ നൽകുന്നതിനും വേണ്ടി ഒരു കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതും അതിന് ആനുഷംഗികവുമായ സംഗതികൾക്കും വേണ്ടി വ്യവസ്ഥചെയ്യേണ്ടത് യുക്തമായിരിക്കുന്നതിനാലും ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(i) "കൃഷി" എന്നതിൽ ഉദ്യാനകൃഷിയും ഔഷധ സസ്യകൃഷിയും, നഴ്സറി നടത്തിപ്പും കാർഷികവൃത്തിയും, വിളകളും ഇടവിളകളും ഫലവൃക്ഷങ്ങളും പച്ചക്കറികളും പൂക്കളും പുല്ലും തീറ്റപ്പുല്ലും വൃക്ഷങ്ങളും നട്ടുവളർത്തൽ അഥവാ ഭൂമിയിലുള്ള ഏത് തരത്തിലുള്ള കൃഷിയും, മത്സ്യം, ചിപ്പി, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, കന്നുകാലി, പന്നി ഉൾപ്പെടെയുള്ളവയുടെ പ്രജനനവും പരിപാലനവും, കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്കായോ അല്ലെങ്കിൽ മറ്റേതെങ്കിലും കാർഷിക ആവശ്യത്തിനായോ ഉള്ള ഭൂമിയുടെ ഉപയോഗവും ഉൾപ്പെടുന്നതാകുന്നു ;

(ii) "കർഷക തൊഴിലാളി" എന്നാൽ ഒരു ഭൂവുടമ നൽകുന്നതായ വേതനത്തിന് പ്രതിഫലമായി അങ്ങനെയുള്ള ഭൂവുടമയുടെ കൃഷിഭൂമിയിൽ ജോലി ചെയ്യുകയോ മറ്റേതെങ്കിലും കാർഷിക പ്രവർത്തനം നടത്തുകയോ ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു ;

(iii) "കടത്തിന്റെ സമുചിത നിലവാരം" എന്നാൽ ഈ ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൻ കീഴിൽ കടക്കാരൻ തിരിച്ചടയ്ക്കേണ്ടതായ, കമ്മീഷൻ തീരുമാനിച്ചപ്രകാരമുള്ള തുക എന്നർത്ഥമാകുന്നു ;

(iv) "കമ്മീഷൻ" എന്നാൽ 3-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ എന്നർത്ഥമാകുന്നു ;

(v) "സഹകരണ സംഘം" എന്നാൽ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഒരു സംഘം എന്നർത്ഥമാകുന്നു ;

(vi) "ഉത്തമർണ്ണൻ" എന്നതിൽ ഒരു ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും അയാളുടെ അവകാശികളും നിയമാനുസൃത പ്രതിനിധികളും തീറുകാരും സഹകരണസംഘവും സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന മറ്റേതെങ്കിലും ആളും ഉൾപ്പെടുന്നതുമാകുന്നു ;

(vii) "കടം" എന്നാൽ ഈ ആക്ടിന്റെ പ്രാരംഭ തീയതിയിലോ അതിനുമുമ്പോ ഒരു കരാറിൻ കീഴിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ഡിക്രിയുടെയോ അല്ലെങ്കിൽ ഉത്തരവിന്റെയോ കീഴിലോ അല്ലെങ്കിൽ മറ്റ് വിധത്തിലോ ജാമ്യമുള്ളതോ ജാമ്യമില്ലാത്തതോ ആയതും ഒരു

കർഷകനിൽ നിന്നും കിട്ടേണ്ടതായിട്ടുള്ള ഏതെങ്കിലും ബാദ്ധ്യത എന്നർത്ഥമാകുന്നതും, അതിൽ,—

(എ),—

(i) ഒരു ഉത്തമർണ്ണ സ്ഥാപനത്തിനോ ;

(ii) ഒരു സഹകരണ സംഘത്തിനോ ;

കൊടുക്കേണ്ടതായ ഏതൊരു തുകയും ;

(ബി) ഒരു കർഷകൻ ഉത്തമർണ്ണനിൽ നിന്നും വാങ്ങിയ ഏതൊരു തുകയും ;

ഉൾപ്പെടുന്നതും എന്നാൽ കർഷകൻ തന്റെ വരുമാന വർദ്ധനവിനായി കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾക്കൊഴികെ വാണിജ്യാവശ്യങ്ങൾക്കോ, ആഡംബരത്തിനോ വേണ്ടി എടുത്തിട്ടുള്ള ഏതെങ്കിലും വായ്പാ തുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കോ മറ്റ് സംസ്ഥാന സർക്കാരുകൾക്കോ കേന്ദ്ര ഭരണ പ്രദേശങ്ങളിലെ സർക്കാരുകൾക്കോ നൽകേണ്ട തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കും സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന മറ്റു സ്ഥാപനങ്ങൾക്കും കിട്ടേണ്ടതായ തുകയും ഉൾപ്പെടാത്തതും ആകുന്നു ;

(viii) "ജില്ല" എന്നാൽ ഒരു റവന്യൂ ജില്ല എന്നർത്ഥമാകുന്നു ;

(ix) "ദുരന്ത ബാധിത പ്രദേശം" എന്നാൽ ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി കമ്മീഷന്റെ ശുപാർശയിന്മേൽ സർക്കാർ 6-ാം വകുപ്പുപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള സംസ്ഥാനത്തെ റവന്യൂജില്ലയോ ജില്ലകളോ അതിന്റെ ഭാഗങ്ങളോ എന്നർത്ഥമാകുന്നു ;

(x) "ദുരന്തബാധിത വിള" എന്നാൽ ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, കമ്മീഷന്റെ ശുപാർശയിന്മേൽ സർക്കാർ 6-ാം വകുപ്പുപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള സംസ്ഥാനത്തെ ഏതെങ്കിലും വിളയോ വിളകളോ എന്നർത്ഥമാകുന്നു ;

(xi) "ദുരിതബാധിത കർഷകൻ" എന്നാൽ ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, കമ്മീഷൻ അപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള ഒരു കർഷകൻ എന്നർത്ഥമാകുന്നതും അതിൽ കർഷക തൊഴിലാളിയും ഉൾപ്പെടുന്നതുമാകുന്നു ;

(xii) "ന്യായ പലിശനിരക്ക്" എന്നാൽ ഈ ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം കമ്മീഷൻ തീരുമാനിച്ച പലിശനിരക്ക് എന്നർത്ഥമാകുന്നു ;

(xiii) "കർഷകൻ" എന്നാൽ ഉടമസ്ഥനായോ അനുമതി പത്രക്കാരനായോ ഒറ്റി കൈവശക്കാരനായോ വാക്കാൽ പാട്ടക്കാരനായോ സർക്കാർ ഭൂമി പാട്ടക്കാരനായോ കുത്തക പാട്ടക്കാരനായോ അല്ലെങ്കിൽ ഭാഗികമായി ഒരു നിലയിലും ഭാഗികമായി മറ്റു വിധത്തിലും നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതും കൃഷി പ്രധാന ഉപജീവനമാർഗ്ഗം ആയിരിക്കുകയും ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നതും അതിൽ കർഷക തൊഴിലാളിയും പാട്ടക്കരാർ വ്യവസ്ഥയിൽ കൃഷിസ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുന്ന കുടുംബശ്രീ, സ്വയം സഹായ സംഘ യൂണിറ്റുകളും ഉൾപ്പെടുന്നതും ആകുന്നു ;

(xiv) "ധനകാര്യസ്ഥാപനം" എന്നാൽ സർക്കാരിന്റെ അധീനതയിലോ പൂർണ്ണ നിയന്ത്രണത്തിലോ ഉള്ളതും തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും കേന്ദ്ര നിയമ പ്രകാരമോ സംസ്ഥാന നിയമപ്രകാരമോ അതിൻകീഴിലോ രൂപീകരിച്ചിട്ടുള്ളതുമായ ഏതെങ്കിലും ധനകാര്യ സ്ഥാപനം എന്നർത്ഥമാകുന്നു ;

(xv) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(xvi) "ഉത്തമർണ്ണ സ്ഥാപനം" എന്നാൽ ഭാരതീയ സ്റ്റേറ്റ് ബാങ്കോ അല്ലെങ്കിൽ 1959-ലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (സബ്സിഡിയറി ബാങ്ക്) ആക്റ്റ് 2-ാം വകുപ്പ് (കെ) ഖണ്ഡത്തിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഏതെങ്കിലും സബ്സിഡിയറി ബാങ്കോ അല്ലെങ്കിൽ ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കോ എന്നർത്ഥമാകുന്നു ;

(xvii) "പലിശ" എന്നാൽ കടം വാങ്ങിയ അസ്സൽ മുതലിനേക്കാളോ അല്ലെങ്കിൽ നേരിട്ട സാമ്പത്തിക ബാദ്ധ്യതയെക്കാളോ കൂടുതലായി, അത്തരം സംഖ്യ എന്തുപേരിൽ അറിയപ്പെട്ടിരുന്നാലും, ഏതെങ്കിലും പ്രമാണമോ കരാറോ ഉണ്ടെങ്കിൽ അത് പ്രകടമായി പറഞ്ഞിരിക്കുകയാണെങ്കിലും അല്ലെങ്കിലും, നൽകേണ്ടതായ ഏതെങ്കിലും തുക എന്നർത്ഥമാകുന്നു ;

(xviii) "അംഗം" എന്നാൽ കമ്മീഷനിലെ ഒരു അംഗം എന്നർത്ഥമാകുന്നതും അതിൽ ചെയർമാൻ ഉൾപ്പെടുന്നതുമാകുന്നു ;

(xix) "പിഴപ്പലിശ" എന്നാൽ ഒരു കടത്തിന്മേൽ പലിശയെക്കാൾ കൂടുതലായി കൊടുക്കേണ്ടതായ ഏതെങ്കിലും തുക എന്നർത്ഥമാകുന്നു ;

(xx) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(xxi) "അസ്സൽ മുതൽ" എന്നാൽ, ഏതെങ്കിലും പലിശ മൂലധനമായി കണക്കാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നാൽ തന്നെയും, അതേ കർഷകനോ അയാളുടെ അവകാശികളോ, തീറുകാരോ നിയമാനുസൃത പ്രതിനിധികളോ അല്ലെങ്കിൽ അയാൾക്കു വേണ്ടിയോ അയാളുടെ താല്പര്യാർത്ഥമോ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും ആളോ, കടം അതേ ഉത്തമർണ്ണന്റെയോ അയാളുടെ അവകാശികളുടെയോ തീറുകാരുടെയോ നിയമാനുസൃത പ്രതിനിധികളുടെയോ അല്ലെങ്കിൽ അയാൾക്ക് വേണ്ടിയോ അയാളുടെ താല്പര്യാർത്ഥമോ പ്രവർത്തിക്കുന്ന മറ്റേതെങ്കിലും ആളുടെയോ പേരിൽ പുതുക്കിയിട്ടുണ്ടെങ്കിൽ തന്നെയും, തുടക്കത്തിൽ നല്കിയ തുകയും പിന്നീട് നല്കിയിട്ടുള്ള തുകയും, ഏതെങ്കിലും ഉണ്ടെങ്കിൽ, അതും ചേർന്ന തുക എന്നർത്ഥമാകുന്നു ;

(xxii) "സെക്രട്ടറി" എന്നാൽ 3-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട കമ്മീഷന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു ;

(xxiii) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. <u>കമ്മീഷന്റെ രൂപീകരണം</u>.—(1) സർക്കാർ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന ശേഷം കഴിയുന്നത്ര വേഗം ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും വേണ്ടി "കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ" എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിക്കേണ്ടതാണ്.

(2) കമ്മീഷൻ അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കേണ്ടതാണ്, അതായത്:—

(i) റിട്ടയർ ചെയ്ത ഒരു ഹൈക്കോടതി ജഡ്ജി : ചെയർമാൻ

(ii) ഒരു കാർഷിക വിദഗ്ദ്ധൻ : അംഗം

(iii) രണ്ടു കർഷക പ്രതിനിധികൾ : അംഗങ്ങൾ

(iv) സാമ്പത്തിക-സഹകരണമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഒരാൾ : അംഗം

(3) ചെയർമാനെയും അംഗങ്ങളെയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(4) സർക്കാരിന്, നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ കമ്മീഷനെ സഹായിക്കുന്നതിന് ഒരു സെക്രട്ടറിയെയും ആവശ്യമായേക്കാവുന്ന മറ്റു ജീവനക്കാരെയും നിയമിക്കാവുന്നതാണ്.

(5) (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സെക്രട്ടറിയും മറ്റു ജീവനക്കാരും അവരുടെ കർത്തവ്യനിർവ്വഹണത്തിൽ ചെയർമാന്റെ ഭരണനിയന്ത്രണത്തിന് വിധേയരായിരിക്കുന്നതാണ്.

4. <u>കമ്മീഷന്റെ കാലാവധിയും അംഗങ്ങളുടെ സേവന വ്യവസ്ഥകളും.</u>—(1) കമ്മീഷന്റെ കാലാവധി മൂന്ന് വർഷം ആയിരിക്കുന്നതാണ് :

എന്നാൽ, സർക്കാരിന് ആവശ്യമെന്നുതോന്നുന്ന പക്ഷം കാലാവധി അപ്രകാരമുള്ള കാലയളവിലേക്ക് നീട്ടി നല്കാവുന്നതാണ്.

(2) ഒരു അംഗത്തിന് ഏതു സമയത്തും, സ്വന്തം കൈപ്പടയിൽ സർക്കാരിലേക്ക് എഴുതി അറിയിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സ്ഥാനം രാജിവയ്ക്കാവുന്നതാണ്.

(3) കമ്മീഷനിലെ ഏതെങ്കിലും അംഗം (2)-ാം ഉപവകുപ്പ് പ്രകാരം രാജിവച്ച കാരണത്താലോ മറ്റ് വിധത്തിലോ ഉണ്ടാകുന്ന ഒരു ഒഴിവ് ഈ ആക്റ്റിലെ 3-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് നികത്തേണ്ടതാണ് :

എന്നാൽ, അങ്ങനെ നിയമിക്കപ്പെടുന്ന ഒരു വ്യക്തി ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെട്ടത് ആ വ്യക്തിയുടെ അവശേഷിക്കുന്ന കാലയളവ്‌വരെ മാത്രം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ്.

(4) സർക്കാരിന്, ഏതെങ്കിലും അംഗത്തെ, അദ്ദേഹം,—

(എ) ഒരു നിർദ്ധനനായി പ്രഖ്യാപിക്കപ്പെടുകയോ ;

(ബി) ശാരീരികമോ മാനസികമോ ആയ അവശതമൂലം ജോലിയിൽ തുടരുന്നതിന് അയോഗ്യനായി തീരുകയോ ;

(സി) സ്ഥിരബുദ്ധി ഇല്ലാതായി തീരുകയും അധികാരിതയുള്ള ഒരു കോടതിയാൽ അപ്രകാരം പ്രഖ്യാപിക്കപ്പെടുകയോ ;

(ഡി) അസാന്മാർഗിക പ്രവർത്തനം ഉൾപ്പെടുന്നതായി സർക്കാർ കരുതുന്ന ഒരു കുറ്റത്തിനോ സാമ്പത്തിക ക്രമക്കേടുകൾക്കോ ശിക്ഷിക്കപ്പെടുകയോ ;

(ഇ) തൽസ്ഥാനത്ത് തുടരുന്നത് പൊതുതാല്പര്യത്തിന് ഹാനികരമാകത്ത ക്കവിധം തന്റെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തിയതായി സർക്കാരിന് ബോധ്യമാകുകയോ ;

ചെയ്യുന്ന പക്ഷം നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, അപ്രകാരം ചെയ്യുന്നതിന് മുൻപായി അദ്ദേഹത്തിന് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.

(5) കമ്മീഷൻ കാര്യനിർവ്വഹണത്തിനായി അതിന്റേതായ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ്.

(6) ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവനവ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

5. കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും.—(1) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ അപ്രകാരമുള്ള എല്ലാ അധികാരങ്ങളും കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്, പ്രത്യേകിച്ചും :—

(എ) കമ്മീഷന്, അപേക്ഷയിന്മേലോ അല്ലാതെയോ, അതിനു യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള അന്വേഷണത്തിനുശേഷവും സർക്കാർ ഇതിലേക്കായി നിർണ്ണയി ക്കുന്ന പ്രകാരമുള്ള പൊതു മാനദണ്ഡങ്ങൾക്ക് വിധേയമായും ജില്ലയെയോ ജില്ലക ളെയോ അതിന്റെ ഭാഗത്തെയോ, വിളയെയോ വിളകളെയോ, അതത് സംഗതിപോലെ, ദുരന്തബാധിത പ്രദേശമായോ ദുരന്തബാധിത വിളയായോ പ്രഖ്യാപിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും ഒരു കർഷകനെ, അപേക്ഷയിന്മേൽ അപ്ര കാരമുള്ള അന്വേഷണത്തിനും മാനദണ്ഡങ്ങൾക്കും വിധേയമായി ദുരിത ബാധിതകർഷ കനായി പ്രഖ്യാപിക്കുന്നതിനും ;

(ബി) ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള, ഉത്തമർണ്ണൻമാരുടെ സംഗ തിയിൽ, 6-ാം വകുപ്പ് പ്രകാരം അതത് സംഗതിപോലെ ദുരന്തബാധിത പ്രദേശമായോ ദുരന്തബാധിത വിളയായോ, പ്രഖ്യാപിക്കപ്പെട്ട പ്രദേശവുമായോ വിളയുമായോ ബന്ധപ്പെട്ടോ അല്ലെങ്കിൽ ദുരിതബാധിതനായി പ്രഖ്യാപിക്കപ്പെട്ടതോ ആയ ഒരു കർഷകൻ ന്യായയുക്തമായി നല്കേണ്ടതെന്ന്, കമ്മീഷൻ കരുതുന്ന പ്രകാരമുള്ള ന്യായ പലിശ നിരക്കും, കടത്തിന്റെ സമുചിത നിലവാരവും നിശ്ചയിക്കുന്നതിനും ;

(സി) ഖണ്ഡം (ബി) പ്രകാരം നിശ്ചയിച്ച ന്യായ പലിശ നിരക്കിന്റെയും കടത്തിന്റെ സമുചിത നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ, ഉത്തമർണ്ണ സ്ഥാപനങ്ങൾ ഒഴികെയുള്ള, ഉത്തമർണ്ണന്മാരും കടക്കാരായ കർഷകരും തമ്മിലുള്ള തർക്കങ്ങൾ ഒത്തു തീർപ്പാക്കുന്നതിനും അനുരഞ്ജനം ഏറ്റെടുക്കുന്നതിനും ;

(ഡി) (ബി) ഖണ്ഡത്തിൽ വിവരിക്കുന്ന പ്രകാരമുള്ള കർഷകരും, ഉത്തമർണ്ണസ്ഥാപനങ്ങൾ ഒഴികെയുള്ള, ഉത്തമർണ്ണന്മാരും തമ്മിലുള്ള തർക്കങ്ങൾ ന്യായനിർണ്ണയം നടത്തി, ഇരു കക്ഷികൾക്കും ബാധകമാകുന്ന അവാർഡുകൾ പാസ്സാക്കുന്നതിനും :

എന്നാൽ, ഈ ഖണ്ഡപ്രകാരം ഒരു അവാർഡ് പാസ്സാക്കുന്നതിന് മുമ്പ്, ഉത്തമർണ്ണന്, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നല്കേണ്ടതാണ്.

(ഇ) (ബി) ഖണ്ഡത്തിൽ വിവരിക്കുന്ന കർഷകരുടെ വായ്പ എഴുതിത്തള്ളുന്നതിനും പലിശനിരക്ക് ഇളവു ചെയ്യുന്നതിനും വായ്പ പുനഃക്രമീകരിക്കുന്നതിനും വായ്പാ മൊറട്ടോറിയം ഏർപ്പെടുത്തുന്നതിനും ഉത്തമർണ്ണൻമാരുമായി കൂടിയാലോചനകളിൽ ഏർപ്പെടുന്നതിനും ;

(എഫ്) കർഷകർക്ക് നൽകേണ്ടതായ കടാശ്വാസത്തിന്റെ വ്യാപ്തിയും രീതിയും സംബന്ധിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും ;

(ജി) കടം പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കുന്നതിനും കടത്തിന്റെ അനന്തരഫലങ്ങളിൽ നിന്നും കർഷകരെ വിമുക്തരാക്കുന്നതിനും വേണ്ടി സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും ;

(എച്ച്) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം ഏജൻസികളിലൂടെ കർഷകരുടെ ഭാവി കടാവശ്യങ്ങൾ നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ ചെയ്യുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും ;

(ഐ) പൊതുവെ കർഷകരുടെ കടവുമായി ബന്ധപ്പെട്ട ഏത് കാര്യത്തെ കുറിച്ചുമുള്ള ആനുകാലിക റിപ്പോർട്ടുകൾ സർക്കാരിന് നൽകുന്നതിനും ; കൂടാതെ

(ജെ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും അത്തരം മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്നതിനും.

(2) 1-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിൽ വിവരിക്കുന്ന കർഷകരുടെ എല്ലാ കടങ്ങളും, ഉത്തമർണ്ണ സ്ഥാപനം ഒഴികെയുള്ള ഉത്തമർണ്ണന്മാർക്ക് തിരിച്ചടയ്ക്കുന്നത് വിളയുടെയും വിളനഷ്ടത്തിന്റെയും സ്വഭാവം പരിഗണിച്ചുകൊണ്ട്, ഒരു വർഷത്തിൽ കുറയാത്തതും മൂന്നു വർഷത്തിൽ കവിയാത്തതുമായ കാലയളവിലേക്ക് നിർത്തിവച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് :

എന്നാൽ, അപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് (1)-ാം ഉപവകുപ്പു പ്രകാരമുള്ള അതിന്റെ അവാർഡുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായിരിക്കേണ്ടതാണ്.

(3) ഈ ആക്റ്റിലെ മറ്റെതെങ്കിലും വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, മുതൽ, പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കപ്പെടുന്നതുവഴി ഒരു കർഷകന് നൽകുന്ന ഏതെങ്കിലും കടാശ്വാസം ഒത്തുതീർപ്പിലെത്തിച്ചേർന്ന കടത്തുക അമ്പതിനായിരം രൂപയോ അതിൽ കുറവോ ആയിരിക്കുന്ന സംഗതിയിൽ എഴുപത്തി അഞ്ച് ശതമാനത്തിലോ, അമ്പതിനായിരം രൂപയിൽ കൂടുതൽ ആയിരിക്കുന്ന സംഗതിയിൽ അൻപതു ശതമാനത്തിലോ അധികരിക്കാത്ത തുകയോ അല്ലെങ്കിൽ ഒരു ലക്ഷം രൂപയോ ഏതാണോ കുറവ് അത് ആയിരിക്കേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡ പ്രകാരം കമ്മീഷൻ പാസ്സാക്കിയ ഒരു അവാർഡ് അന്തിമവും യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതും ആകുന്നു.

(5) (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരമുള്ള കമ്മീഷന്റെ അവാർഡുകൾ ഒരു സിവിൽ കോടതിയുടെ ഡിക്രി എന്ന പോലെ 1908-ലെ സിവിൽ നടപടി നിയമ സംഹിതയിലെ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം നടത്തിയെടുക്കാവുന്നതാണ്.

(6) കമ്മീഷന് ഈ ആക്റ്റിലോ അതിൻ കീഴിലോ ഉള്ള അധികാരങ്ങൾ വിനിയോഗിക്കുന്ന ആവശ്യത്തിലേക്ക് 1908-ലെ സിവിൽ നടപടി നിയമ സംഹിതയിൻ (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഏതെങ്കിലും സാക്ഷിയെ വിളിച്ചുവരുത്തുന്നതിനും ഹാജരാക്കൽ ഉറപ്പുവരുത്തുന്നതിനും സത്യപ്രസ്താവനയിൻമേൽ വിസ്തരിക്കുന്നതിനും ;

(ബി) ഏതെങ്കിലും രേഖ കണ്ടെത്തുവാനും ഹാജരാക്കുവാനും ആവശ്യപ്പെടുന്നതിനും ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും ;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനും അല്ലെങ്കിൽ സ്ഥലപരിശോധന നടത്തുന്നതിനും വേണ്ടി കമ്മീഷനുകളെ അയയ്ക്കുന്നതിനും ;

(ഇ) തീരുമാനമെടുക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും വസ്തുവോ സാധനമോ പരിശോധിക്കുന്നതിനും ;

(എഫ്) ഏതെങ്കിലും കോടതിയിൽ നിന്നോ അധികാരസ്ഥാനത്ത് നിന്നോ ഓഫീസിൽ നിന്നോ ഏതെങ്കിലും പൊതു രേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും ;

(ജി) നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള മറ്റേതെങ്കിലും കാര്യത്തിനും.

6. <u>ദുരന്തബാധിത പ്രദേശമായോ ദുരന്തബാധിത വിളയായോ പ്രഖ്യാപിക്കൽ.</u>— 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡ പ്രകാരമുള്ള ഒരു ശുപാർശ സർക്കാരിൽ ലഭിച്ചാൽ കഴിയുന്നത്ര വേഗം സർക്കാർ, അതത് സംഗതിപോലെ ദുരന്തബാധിത പ്രദേശമായോ ദുരന്തബാധിത വിളയായോ പ്രഖ്യാപിക്കേണ്ടതാണ്.

7. <u>കടാശ്വാസത്തിനുള്ള അപേക്ഷ.</u>—ഈ ആക്റ്റിൻകീഴിൽ ഏതെങ്കിലും കടാശ്വാസം അവകാശപ്പെടുന്ന കർഷകൻ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും ഫാറത്തിലും കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8. <u>കമ്മീഷന്റെ സിറ്റിംഗുകൾ.</u>—(1) കമ്മീഷൻ അത് നിശ്ചയിച്ചേക്കാവുന്ന പ്രകാരം അങ്ങനെയുള്ള സ്ഥലങ്ങളിലും അങ്ങനെയുള്ള സമയങ്ങളിലും അതിന്റെ സിറ്റിംഗുകൾ നടത്തേണ്ടതാണ് :

എന്നാൽ, കമ്മീഷൻ, അതിന്റെ സിറ്റിംഗുകൾ, ദുരന്തബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ബന്ധപ്പെട്ട ജില്ലയിലോ ജില്ലകളിലോ വച്ച് ദുരന്തബാധിത പ്രദേശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണിക്കുന്നതിനുവേണ്ടി കൂടേണ്ടതാണ്.

(2) കമ്മീഷന്റെ സിറ്റിംഗിനുള്ള കോറം മൂന്ന് ആയിരിക്കുന്നതാണ്.

(3) കമ്മീഷന് ഉചിതമെന്ന് തോന്നുന്ന സംഗതിയിൽ രണ്ടോ അതിലധികമോ അംഗങ്ങൾ ഉൾപ്പെടുന്ന ബഞ്ച് രൂപീകരിച്ചുകൊണ്ട് ജില്ലകളിൽ സിറ്റിംഗ് നടത്താവുന്നതാണ് :

എന്നാൽ, അങ്ങനെ രൂപീകരിക്കപ്പെടുന്ന ബഞ്ചിൽ കമ്മീഷൻ അംഗമായ ഒരു കർഷക പ്രതിനിധി ഉണ്ടായിരിക്കേണ്ടതാണ് ;

എന്നുമാത്രമല്ല, കമ്മീഷൻ ബഞ്ച് രൂപീകരിക്കുന്ന സംഗതിയിൽ ആ ബഞ്ചിന്റെ യോഗം ചേരുന്നതിനുള്ള കോറം ആ ബഞ്ചിലെ എല്ലാ അംഗങ്ങളുടെയും എണ്ണമോ രണ്ടോ അതിലേതാണ് കുറവ് അതായിരിക്കുന്നതാണ്.

9. <u>കർഷകൻ എടുത്ത ചില വായ്പകളുടെ ഒത്തുതീർപ്പിനെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.</u>—(1) ഈ ആക്റ്റിലോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിലോ കരാറിലോ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കമ്മീഷനാൽ അധികാരപ്പെടുത്തിയിട്ടുള്ള ഒരു അംഗത്തിന് പരസ്പരധാരണയ്ക്കുള്ള കൂടിയാലോചനകൾ,—

(എ) വാണിജ്യ ബാങ്കുകളിൽ നിന്നോ അല്ലെങ്കിൽ മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നോ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വിവരിക്കുന്ന ഒരു കർഷകൻ വാങ്ങിയ ഹ്രസ്വകാല വായ്പകളെ മദ്ധ്യകാല വായ്പകളായോ മദ്ധ്യകാല വായ്പകളെ ദീർഘകാലവായ്പകളായോ പുനഃക്രമീകരിക്കുന്നതിനും; അല്ലെങ്കിൽ

(ബി) ഭാരതീയ റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഉല്പാദനക്ഷമതയില്ലാത്ത ആസ്തി വിഭാഗത്തിൻകീഴിൽ വരുന്ന കർഷക വായ്പകൾ ഒറ്റത്തവണയായി തീർപ്പാക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും ; അല്ലെങ്കിൽ

(സി) ഭാരതീയ റിസർവ്വ് ബാങ്കിന്റെയും ദേശീയ കാർഷിക ഗ്രാമീണ വികസന ബാങ്കിന്റെയും യോജിച്ചുള്ള അഭിപ്രായപ്രകാരം ഭാരതീയ റിസർവ്വ് ബാങ്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് പിഴപ്പലിശ ഒഴിവാക്കുന്നതിനും ; ആരംഭിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം വായ്പയുടെ ഏതെങ്കിലും തീർപ്പാക്കൽ ഉണ്ടാകുന്നിടത്ത്, ബന്ധപ്പെട്ട ബാങ്ക് അനുവദിച്ചിട്ടുള്ള കാലയളവിനുള്ളിൽ അപ്രകാരമുള്ള വായ്പ ആ ബാങ്കിന് തിരികെ നൽകുന്നതിന് പ്രസ്തുത കർഷകൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

10. <u>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഒരു കർഷകൻ എടുത്ത വായ്പകളുടെ പുനഃക്രമീകരണം.</u>—(1) ഈ ആക്ടിലോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിലോ കരാറിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ഡിക്രിയിലോ

ഉത്തരവിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, 6-ാം വകുപ്പ് പ്രകാരം ദുരന്തബാധിത പ്രദേശമായോ, ദുരന്തബാധിത വിളയായോ ദുരിതബാധിത കർഷകനായോ പ്രഖ്യാപിക്കപ്പെടുന്ന തീയതിയിലോ അതിനു മുമ്പോ, 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വിവരിക്കുന്ന പ്രകാരമുള്ള ഒരു കർഷകൻ, സർക്കാർ ഇതിലേക്കായി വിജ്ഞാപനം ചെയ്തിട്ടുള്ള ധനകാര്യ സ്ഥാപനത്തിൽ നിന്നും, എടുത്തിട്ടുള്ള വായ്പകളുടെ ഈടാക്കൽ കമ്മീഷന് പുനഃക്രമീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം വായ്പയുടെ പുനഃക്രമീകരണം നടത്തിയിട്ടുള്ളിടത്ത് കമ്മീഷൻ അനുവദിച്ചിട്ടുള്ള കാലയളവിനുള്ളിൽ അപ്രകാരമുള്ള വായ്പ പലിശയോടുകൂടി ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിന് തിരികെ കൊടുക്കാൻ കർഷകൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ, രേഖപ്പെടുത്തുന്ന കാരണങ്ങളാൽ കമ്മീഷന് കർഷകന്റെ അപേക്ഷയിന്മേൽ അപ്രകാരം പുനഃക്രമീകരിച്ച കാലത്തെ തിരിച്ചടവ്, ഉത്തരവ് മുഖേന ഒഴിവാക്കാവുന്നതാണ്:

എന്നുമാത്രമല്ല, കമ്മീഷൻ അപ്രകാരം നിശ്ചയിക്കുന്ന അങ്ങനെയുള്ള പിഴിക്കാലതീയതികളിൽ കർഷകൻ ആയത് തിരിച്ചടയ്ക്കുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

11. വ്യവഹാരങ്ങൾക്കും അപേക്ഷകൾക്കും മറ്റ് നടപടികൾക്കും ഉള്ള വിലക്ക്.—5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വിവരിക്കുന്ന ഒരു കർഷകനെതിരായി കടം ഈടാക്കുന്നതിനുള്ള യാതൊരു വ്യവഹാരവും ആരംഭിക്കുകയോ അല്ലെങ്കിൽ ഒരു കടം സംബന്ധിച്ച ഡിക്രിയിന്മേൽ വിധി നടത്തുന്നതിനുള്ള യാതൊരു അപേക്ഷയും ബോധിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതും, അത്തരം ഏതെങ്കിലും വ്യവഹാരത്തിൻമേലോ അല്ലെങ്കിൽ അപേക്ഷയിന്മേലോ ഉള്ള ഏതെങ്കിലും ഡിക്രിക്കോ ഉത്തരവിനോ എതിരായി അപ്പീലോ, റിവിഷൻ ഹർജിയോ അല്ലെങ്കിൽ റിവ്യൂ അപേക്ഷയോ ഒരു കർഷകനെതിരായി ഏതെങ്കിലും സിവിൽ കോടതിയിലോ അല്ലെങ്കിൽ ട്രൈബ്യൂണലിലോ അല്ലെങ്കിൽ മറ്റ് അധികാര സ്ഥാനത്തോ സമർപ്പിക്കുവാനോ നൽകുവാനോ പാടില്ലാത്തതും, ഒരു ദുരന്തബാധിത പ്രദേശമായി ഒരു ജില്ലയെയോ അതിന്റെ ഭാഗത്തെയോ പ്രഖ്യാപിച്ച തീയതിക്ക് മുമ്പായി അങ്ങനെയുള്ള ഒരു കർഷകനെതിരായി ആരംഭിച്ചിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആ തീയതിയിൽ നിലവിലുള്ളതോ ആയ അങ്ങനെയുള്ള വ്യവഹാരങ്ങളും അപേക്ഷകളും അപ്പീലുകളും ഹർജികളും കമ്മീഷൻ അതിനായി ശുപാർശ ചെയ്യുന്ന അങ്ങനെയുള്ള കാലാവധിവരെ നിർത്തിവയ്ക്കേണ്ടതുമാണ്.

12. കടം ഗഡുക്കളായി വീട്ടൽ.—(1) ഏതെങ്കിലും നിയമത്തിലോ കരാറിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ഏതെങ്കിലും ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വിവരിക്കുന്ന ഒരു കർഷകന് തന്റെ കടം കമ്മീഷൻ നിർദ്ദേശിക്കുന്ന രീതിയിൽ ഓരോ തിരിച്ചടവ് സമയത്തും ബാക്കിനില്ക്കുന്ന മുതൽ തുകയോടൊപ്പം കമ്മീഷൻ ശുപാർശ ചെയ്ത ന്യായനിരക്കിലുള്ള പലിശ സഹിതം

അനുയോജ്യമായ ഗഡുക്കളായി അടച്ചു തീർക്കാവുന്നതും കമ്മീഷൻ നിർദ്ദേശിച്ചപ്രകാരം ആയത് അടച്ചുതീർക്കുമ്പോൾ മുഴുവൻ കടവും വീട്ടിയതായി കരുതപ്പെടേണ്ടതുമാണ്.

(2) കമ്മീഷൻ നിർദ്ദേശിക്കുന്ന പ്രകാരം നിശ്ചിത തീയതിയിൽ കടത്തിന്റെ ഏതെങ്കിലും ഗഡു നൽകാത്തിടത്ത് കമ്മീഷൻ നിശ്ചയിച്ചേക്കാവുന്ന രീതിയിൽ അത് വസൂലാക്കുന്നതിന് ഉത്തമർണ്ണന് അവകാശം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഈ വകുപ്പുപ്രകാരം കമ്മീഷൻ തീരുമാനമെടുക്കുന്നതിനുമുമ്പായി കർഷകന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.

13. കടം പൂർണ്ണമായി വീട്ടിയതായി കരുതപ്പെടണമെന്ന്.— ഈ ആക്ടിലോ അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിലോ, കരാറിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു കർഷകൻ താൻ വായ്പയെടുത്ത അസ്സൽ മുതലും അതിന് തുല്യമായ തുകയും ഉത്തമർണ്ണ സ്ഥാപനം ഒഴികെയുള്ള, ഉത്തമർണ്ണന് തിരിച്ചടവ് നടത്തിയിട്ടുണ്ടെങ്കിൽ, പ്രസ്തുത കർഷകൻ കടം പൂർണ്ണമായി വീട്ടിയതായി കരുതപ്പെടേണ്ടതാണ്.

14. വാർഷിക റിപ്പോർട്ട് നിയമസഭയുടെ മുമ്പാകെ വയ്ക്കണമെന്ന്.—(1) കമ്മീഷൻ ഈ ആക്ടുപ്രകാരമുള്ള അതിന്റെ ആ വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് തയ്യാറാക്കേണ്ടതും അത് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള തീയതിക്കോ അതിനു മുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുള്ള വാർഷിക റിപ്പോർട്ട് സർക്കാരിന് ലഭിച്ചാലുടൻ തന്നെ എത്രയും വേഗത്തിൽ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

15. കണക്കുകളും ആഡിറ്റും.—(1) കമ്മീഷൻ ശരിയായ കണക്കുകളും മറ്റു പ്രസക്തമായ രേഖകളും സൂക്ഷിച്ചുപോരേണ്ടതും കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ തയ്യാറാക്കേണ്ടതുമാണ്.

(2) കമ്മീഷന്റെ കണക്കുകൾ വർഷംതോറും ആഡിറ്റ് ചെയ്യേണ്ടതും ആഡിറ്റ് റിപ്പോർട്ട് നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതുമാണ്.

16. ആക്റ്റിന്റെ അധിപ്രഭാവം.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ അവയ്ക്ക് വിരുദ്ധമായി ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് അല്ലാതെയുള്ള ഏതെങ്കിലും നിയമത്താൽ പ്രഭാവമുള്ള ഏതെങ്കിലും രേഖയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

17. സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ വഴിയോ അതുപ്രകാരമോ കമ്മീഷനോ സർക്കാരോ ഒത്തുതീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിർണ്ണയിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം ഒത്തു തീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും കാര്യം നിർണ്ണയിക്കുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരമുണ്ടായിരിക്കുന്നതല്ല :

എന്നാൽ, ഈ വകുപ്പിലുള്ള യാതൊന്നും തന്നെ, 5-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരമുള്ള വിധി നടത്തൽ നടപടികൾക്ക്, ബാധകമാകുന്നതല്ല.

18. കമ്മീഷനിലെ അംഗങ്ങൾ പബ്ലിക് സർവെന്റുമാർ ആയിരിക്കുമെന്ന്.—3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട കമ്മീഷനിലെ ഓരോ അംഗവും (4)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന സെക്രട്ടറിയും മറ്റു ജീവനക്കാരും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമം (1860-ലെ 45-ാം കേന്ദ്ര ആക്ട്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവെന്റായി കണക്കാക്കപ്പെടുന്നതാണ്.

19. ഉത്തമ വിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.— ഈ ആക്ട് പ്രകാരം ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് കമ്മീഷനിലെ ഏതെങ്കിലും അംഗങ്ങൾക്കോ സെക്രട്ടറിക്കോ മറ്റ് ഉദ്യോഗസ്ഥർക്കോ എതിരായി യാതൊരു വ്യവഹാരമോ നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

20. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന് സന്ദർഭം ആവശ്യപ്പെടുന്നവിധം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതുമായ ഏത് കാര്യവും ഉത്തരവുമൂലം ചെയ്യാവുന്നതാണ് :

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷത്തിന് ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും നൽകുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ഓരോ ഉത്തരവും നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

21. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം മുഖേന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദപ്പെടുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതി പോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ

ചെയ്യുന്നതാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ, ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.